<u>ഡോ. എം. കെ. മുനീർ</u>: സർ, അങ്ങ് ചെയറിൽ വന്നിരുന്ന ഉടൻ പറഞ്ഞ കാര്യം, ഇത് മുഴുവനായിട്ട് പരിശോധിച്ച് അങ്ങേക്ക് ഉചിതമായ തീരുമാനമെടുക്കാം. പക്ഷേ, ഞാൻ എന്താണ് പറയാൻ പോയിട്ടുള്ളതെന്ന് ഞാൻ ഒരു വരി പറയുമ്പോഴേക്കും എങ്ങനെയാണ് തീരുമാനിക്കുക. അങ്ങ് പറഞ്ഞു, വസ്തുതകളുടെ പിൻബലത്തിലാണ് പറയേണ്ടതെന്ന്. ഞാൻ പറയാൻ പോകുന്നതിനു മുൻപ് എങ്ങനെയാണ് ഇവർ തീരുമാനിക്കുക. 'വർഗ്ഗീയം' എന്നു പറയുന്ന വാക്ക് എത്ര തവണ ഈ നിയമസഭയിൽ ഉപയോഗിച്ചതാണ്. ഞാൻ പറയുമ്പോൾ മാത്രം ഇത് പിൻവലിക്കാൻ, ഈ നാട്ടിലുള്ള ആളുകൾ മുഴുവൻ വർഗ്ഗീയമായി പല കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. അതൊന്നും നിയമസഭയിൽ പിൻവലിക്കേണ്ടെ? ഞാൻ പറയുമ്പോൾ മാത്രം വർഗ്ഗീയം പിൻവലിക്കണമെന്ന് പറയുന്നതെന്താണ്? മാത്രമല്ല, ഞാൻ സ്ത്രീകളെക്കുറിച്ച് പറഞ്ഞിട്ടില്ലല്ലോ, ........ (ബഹളം)........ (***********[*] പദപ്രയോഗം പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഭരണപക്ഷാംഗങ്ങൾ നടുത്തളത്തിലും മുഖ്യമന്ത്രിയുടെ സീറ്റിനരികിലും വന്ന് നിന്ന് ബഹളം വച്ചുകൊണ്ടിരുന്നു)... ഞാൻ എന്താണ് പറയാൻ പോകുന്നതെന്ന് അറിയുന്നതിന് മുമ്പ്...... ഞാൻ

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ 13.12.2018 -ലെ 7160 ഇബി/2018/നി.സെ. ഉത്തരവിൻ പ്രകാരം സഭാ രേഖയിൽനിന്നും നീക്കം ചെയ്തു.

സ്ത്രീകൾ വർഗ്ഗീയവാദികളാണെന്ന പരാമർശം പറഞ്ഞോ? ഞാൻ സ്ത്രീകൾ വർഗ്ഗീയവാദികളാണെന്നുള്ള....., അത് തെറ്റിദ്ധരിപ്പിക്കരുത്. സ്ത്രീകൾ വർഗ്ഗീയ വാദികളെന്ന് ഞാൻ പറഞ്ഞിട്ടില്ല. ********* ഉണ്ടാക്കുന്ന കാര്യത്തെക്കുറിച്ചാണ് പറഞ്ഞത്.........(ബഹളം)........ അതിന്റെ പിന്നിൽ ആരൊക്കെയാണുള്ളത് എന്നുള്ളതിനെക്കുറിച്ചാണ് പറഞ്ഞത്. അതുകൊണ്ട് ഞാൻ...., ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ നവോത്ഥാനത്തിന്റെ കാര്യങ്ങൾ, ........(ബഹളം)........ അദ്ദേഹം പറഞ്ഞ നവോത്ഥാനത്തിന്റെ കാര്യങ്ങളിൽ ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമില്ല. കേരളത്തിൽ നടന്നിട്ടുള്ള നവോത്ഥാന മുന്നേറ്റങ്ങൾക്കൊന്നും ഞങ്ങൾ എതിരല്ല, പക്ഷേ അതിൽ അങ്ങേക്ക് എന്തു പങ്കാണുണ്ടായത്? ........(ബഹളം)......... നിങ്ങളുടെ ധാർഷ്ട്യം കൊണ്ട്, നിങ്ങളുടെ ധാർഷ്ട്യത്തിന് മുമ്പിൽ തലകുനിക്കുന്ന പ്രശ്നമില്ല. ........(ബഹളം)........ അങ്ങനത്തെ ചോരയൊന്നുമല്ല എന്റെ സിരകളിൽ ഒഴുകുന്നത് .........(ബഹളം)........ നട്ടെല്ല് നിവർത്തി നിന്നുകൊണ്ട് സംസാരിക്കും. നിങ്ങൾ ഭയപ്പെടുത്തുമ്പോഴൊക്കെ മാനത്ത് പോയി ഒളിക്കുന്ന പാരമ്പര്യമല്ല എനിക്കുള്ളത്. അങ്ങ് പറയുന്നത് ഞാൻ കേൾക്കാം, അങ്ങ് പറഞ്ഞത് ഞാൻ

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ 13.12.2018 -ലെ 7160 ഇബി/2018/നി.സെ. ഉത്തരവിൻ പ്രകാരം സഭാ രേഖയിൽനിന്നും നീക്കം ചെയ്തു.

അംഗീകരിക്കുന്നു, ചെയറിനെ ഞാൻ ബഹുമാനിക്കുന്നു. ചെയറിന് മുഴുവനും പരിശോധിക്കാം, അതിനുശേഷം അങ്ങേക്ക് ഉചിതമായ തീരുമാനമെടുക്കാം. അല്ലാതെ ഇവർ പറയുന്നതിനനുസരിച്ച് ഞാൻ എന്റെ വാക്ക് മാറ്റുകയില്ല ......... (ബഹളം)........ ഞാൻ ഓട് ഇളക്കി വന്നതല്ല, ........(ബഹളം)........ (******** പദപ്രയോഗം പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഭരണപക്ഷാംഗങ്ങൾ നടുത്തളത്തിലും മുഖ്യമന്ത്രിയുടെ സീറ്റിനരികിലും വന്ന് നിന്ന് മുദ്രാവാക്യം മുഴക്കി ഡോ. എം. കെ മുനീറിന്റെ പ്രസംഗം തുടർച്ചയായി തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)... അതുകൊണ്ട് നവോത്ഥാനം എന്നു പറയുമ്പോൾ, നവോത്ഥാനത്തിൽ ഏതെങ്കിലും ചില വിഭാഗങ്ങൾ മാത്രം മതിയോ? ആ നവോത്ഥാനത്തിൽ ക്രിസ്തീയ വിഭാഗത്തിന് പങ്കില്ലേ? ആ നവോത്ഥാനത്തിൽ മുസ്ലീം സമൂഹത്തിന് പങ്കെടുക്കേണ്ടതില്ലേ? ........ (ബഹളം)........ വക്കം മൗലവിയുടെ നവോത്ഥാനത്തെ അങ്ങ് എന്താണ് പറയാത്തത്; മക്തി തങ്ങളുടെ നവോത്ഥാനത്തെ എന്താണ് പറയാത്തത്; ക്രിസ്ത്യൻ മിഷണറിമാരായിട്ടുള്ള വില്യം തോബിയാസ് റിങ്കിൾ ടോബിനെക്കുറിച്ച് എന്താണ് പറയാത്തത്; എബ്രഹാം മൽപ്പനെക്കുറിച്ച്

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ 13.12.2018 -ലെ 7160 ഇബി/2018/നി.സെ. ഉത്തരവിൻ പ്രകാരം സഭാ രേഖയിൽനിന്നും നീക്കം ചെയ്തു.

എന്താണ് പറയാത്തത്; ........(ബഹളം)........ ചാവറ അച്ചനെക്കുറിച്ച് എന്താണ് പറയാത്തത്; അർണോസ് പാതിരി കരോളിനെക്കുറിച്ച് എന്താണ് പറയാത്തത്; ........(ബഹളം)........ ക്രിസ്തീയ വിഭാഗത്തേയും മുസ്ലീം വിഭാഗത്തേയും മാറ്റി നിർത്തി മതിൽ പണിയുമ്പോൾ ഞങ്ങൾ എന്തുപേരാണ് ആ മതിലിന് വിളിക്കേണ്ടത്? ........(ബഹളം)........ അങ്ങ് പറഞ്ഞു തരണം, എന്തു പേരാണ് ആ മതിലിന് വിളിക്കേണ്ടത്, ........(ബഹളം)........ മാത്രമല്ല, സുഗതൻ എന്നുപറയുന്ന നിങ്ങളുടെ ജോയിന്റ് കൺവീനർ അദ്ദേഹം ഫേസ് ബുക്കിൽ പറഞ്ഞിരിക്കുന്നു, (കൈയ്യിൽ ഇരുന്ന ഫോട്ടോസ്റ്റാറ്റ് കോപ്പി ഉയർത്തിക്കാട്ടി) സ്വന്തം വീടിന് തീയിട്ട് വാടക വീട് തേടിയ ഒരു ഭ്രാന്തിയാണ് അഖില, മനോരോഗിയായ അവളെ മതഭ്രാന്തൻമാർ തെരുവിൽ ഭോഗിക്കട്ടെ എന്നുപറഞ്ഞ ഈ സുഗതൻ, ഈ സുഗതനാണോ ഈ രാജ്യത്ത് നവോത്ഥാനം ഉണ്ടാക്കാൻ പോകുന്നത്. ........(ബഹളം)........ ആ നവോത്ഥാനത്തിൽ ഞങ്ങൾ ഇല്ല. വെള്ളാപ്പള്ളി നടേശൻ, പാവപ്പെട്ട ഒരു സി.ഐ.ടി.യു.വിന്റെ പ്രവർത്തകൻ മാൻഹോളിൽ വീണപ്പോൾ അവൻ മുസ്ലീം ആയതുകൊണ്ടാണ് അവന് കൂടുതൽ സൗകര്യം ചെയ്തതെന്ന് പറഞ്ഞ, വർഗ്ഗീയവാദിയായ വെള്ളാപ്പള്ളിയുടെ നവോത്ഥാനത്തിൽ ഞങ്ങൾ ഇല്ല ............(ബഹളം)........

വെള്ളാപ്പള്ളി ഒരു ഭാഗത്തു നിൽക്കുമ്പോൾ തുഷാർ മറുഭാഗത്ത് നിന്നുകൊണ്ട് വീട്ടിനകത്ത് ഒത്തുപണി നടത്തുന്ന ഈ പ്രവണതയ്ക്ക് കൂട്ടുനിൽക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി........

(ഭരണകക്ഷി അംഗങ്ങൾ വെല്ലിൽ ഇറങ്ങി നിന്ന് മുദ്രാവാക്യം മുഴക്കി ഡോ. എം. കെ മുനീറിന്റെ പ്രസംഗം തുടർച്ചയായി തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, ബഹുമാനപ്പെട്ട അംഗം ഡോ. എം. കെ. മുനീർ ഇവിടെ അദ്ദേഹത്തിന്റെ പ്രമേയത്തിൽ ********* എന്ന് പറയുകമാത്രമല്ല, അദ്ദേഹം വർഗ്ഗീയത പ്രസംഗിച്ചുകൊണ്ടിരിക്കുകയാണ്. ജാതീയമായി വിഭാഗീയത ഉണ്ടാക്കുകയാണ്. ഇത് കേരളത്തെ അപമാനിക്കുന്ന കാര്യമാണ്. ഇത് സ്ത്രീകൾ എന്നു പറയുമ്പോൾ എല്ലാ ജാതിയിലും എല്ലാ മതത്തിലുംപെട്ട ആളുകളെ അണിനിരത്തുന്ന നവോത്ഥാനത്തിന്റെ മതിലാണിത്. അതിനെതിരായി ഇവർ വർഗ്ഗീയത ഇവിടെ പ്രചരിപ്പിക്കുകയാണ്, ഇത് ശരിയല്ല. ......(ബഹളം)..........

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ 13.12.2018 -ലെ 7160 ഇബി/2018/നി.സെ. ഉത്തരവിൻ പ്രകാരം സഭാ രേഖയിൽനിന്നും നീക്കം ചെയ്തു.

ഡോ. എം. കെ. മുനീർ: " No person shall be compelled to pay any taxes, the proceeds of which are specifically appropriated in payment of expenses for the promotion or maintenance of any particular religion or religious denomination." ഏതെങ്കിലും മതത്തിന്റെ അല്ലെങ്കിൽ മതവിഭാഗത്തിൽപെടുന്ന, ജാതീയ വിഭാഗങ്ങൾ മാത്രം നടത്തുന്ന ഒരു പരിപാടിക്ക് ഗവൺമെന്റ് ചെലവ് നടത്താൻ പാടില്ല എന്ന ഭരണഘടനയെ ധിക്കരിച്ചിരിക്കുകയാണ് ഈ ഗവൺമെന്റ്. ആ ഭരണഘടന...... (ബഹളം)..........

മി. സ്പീക്കർ: ദയവായി അംഗങ്ങൾ സഭാ നടപടികൾ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. പ്ലീസ്....പ്ലീസ്.... ഈ നിലയിൽ സഭ കൊണ്ടുപോകാൻ കഴിയില്ല....പ്ലീസ്.....പ്ലീസ്... നിങ്ങൾ ദയവായി സീറ്റിൽ പോയി ഇരിക്കണം.

ഡോ. എം. കെ. മുനീർ: സർ, അതിന്റെ ഇടയിൽ ഒളിച്ച് ഇരിക്കുന്ന പ്രിയപ്പെട്ട വി.എസ്.-ന്റെ പ്രസ്താവന നിങ്ങൾ വായിക്കണം. ജാതി സംഘടനകൾക്കൊപ്പമുള്ള വർഗ്ഗസമരം വിപ്ലവമല്ല, (കയ്യിൽ ഇരുന്ന ഫോട്ടോസ്റ്റാറ്റ് പേപ്പർ ഉയർത്തി കാണിച്ചു) ......(ബഹളം)..........വി.എസ്-ന്റെ

കൂടെയാണ് ഞങ്ങൾ.

മി. സ്പീക്കർ: സഭാ നടപടികൾ നിർത്തിവച്ച് നിങ്ങളുമായി ചർച്ച നടത്തി സമവായമുണ്ടാക്കാനാണ്....(ബഹളം).....പ്ലീസ്.... നിങ്ങൾ സീറ്റിൽ പോയി ഇരിക്കു.....പ്ലീസ്.....പ്ലീസ്..

ഡോ. എം. കെ. മുനീർ: സർ, ജാതി സംഘടനകൾക്കൊപ്പമുള്ള വർഗ്ഗ സമരം വിപ്ലവമല്ല. കാനം രാജേന്ദ്രൻ പറഞ്ഞിരിക്കുന്നു. ഒരു ആലോചനയെങ്കിലും ഉണ്ടെങ്കിൽ.... അങ്ങ് പറഞ്ഞല്ലോ സ്ഥലകാല വിഭ്രാന്തി, സ്ഥലകാലഭ്രമം സംഭവിക്കാതെയാണ് നിങ്ങൾ ഇത് ചെയ്തിരുന്നതെങ്കിൽ ......(ബഹളം)..........

മി. സ്പീക്കർ: അടുത്ത നടപടിയിലേക്ക് കടക്കേണ്ടിവരും....നിങ്ങൾ സീറ്റിൽ പോയി ഇരിക്കുന്നുണ്ടോ; ഭരണകക്ഷി അംഗങ്ങൾ സീറ്റിൽ പോയി ഇരിക്കുന്നുണ്ടോ....പ്ലീസ്...പ്ലീസ്...

ഡോ. എം. കെ. മുനീർ: നിങ്ങളൊക്കെ വല്യ ആളാ. മുഖ്യമന്ത്രി മുമ്പ് ചെയ്തത്....(ബഹളം)....ഈ വെള്ളാപ്പള്ളി ആരാ? പണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ വെള്ളാപ്പള്ളിക്കെതിരെ നടത്തിയ പ്രസ്താവനകളൊക്കെ ഞങ്ങളുടെ കയ്യിൽ കെട്ടുകെട്ടായിട്ട് ഇവിടെയുണ്ട്. (കയ്യിൽ ഇരുന്ന ഫോട്ടോസ്റ്റാറ്റ് പേപ്പറുകൾ ഉയർത്തി കാണിച്ചു) ആ വെള്ളാപ്പള്ളി എന്നാണ്,

അനഭിമതനായ വെള്ളാപ്പള്ളി എപ്പോഴാണ് അഭിമതനായത്? ......(ബഹളം)..........

മി. സ്പീക്കർ: എങ്ങനെയാണ് ഈ സഭ ഞാൻ നടത്തിക്കൊണ്ടു പോകേണ്ടത്. ദയവായി സീറ്റിൽ പോയി ഇരിക്കൂ..

ഡോ. എം. കെ. മുനീർ: അതുകൊണ്ട് പ്രിയപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഈ പാവപ്പെട്ട കുട്ടികളെ തെരുവിലിറക്കി അവരുടെ പഠനം ഇല്ലാതാക്കരുത്. അങ്ങ് പണ്ട് ഓണത്തിന് പൂക്കളമിട്ടതിനെ എതിർത്ത ആളാണ്, ഓഫീസ് ടൈമിൽ ഓണത്തിന് പൂക്കളം ഇടരുതെന്ന് പറഞ്ഞ അങ്ങ്, ഇന്ന് ആ ഓഫീസ് ടൈമിൽ എല്ലാപേരോടും തെരുവിൽ ഇറങ്ങാൻ പറയുന്നത് എന്തിനുവേണ്ടി? സുഗതനുവേണ്ടി, വെള്ളാപ്പള്ളിക്കുവേണ്ടി, സുഗതൻ ആരാണ്? ....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്....ഇത്തരത്തിൽ സഭ മുന്നോട്ട് കൊണ്ടുപോകാൻ കഴിയില്ല, ദയവായി സീറ്റിൽ പോയി ഇരിക്കൂ, അടുത്ത നടപടിയിലേയ്ക്ക് കടക്കേണ്ടി വരും.

ഡോ. എം. കെ. മുനീർ: കർസേവയിൽ പങ്കെടുത്ത ആളാണ്. ......(ബഹളം).......... കർസേവയിൽ പങ്കെടുത്ത്, ബാബറി മസ്ജിദ് തകർത്ത്

അതിന്റെ കല്ല് കയ്യിൽ സൂക്ഷിച്ച സുഗതനെ കെട്ടിപ്പിടിക്കുന്ന നിങ്ങൾ ...... (ബഹളം).......... പിന്നെ ഞങ്ങൾ ഇതിനെ ********* എന്നല്ലാതെ എന്താണ് വിളിക്കേണ്ടത്? ഇത് *******അല്ലേ?...(ബഹളം)....ഇത് **********?

മി. സ്പീക്കർ: അങ്ങ് വീണ്ടും വീണ്ടും അത് പറഞ്ഞുകൊണ്ടിരിക്കുകയാണോ? .....പ്ലീസ്....പ്ലീസ്...എന്താണ് ശ്രീ. കെ. സി. ജോസഫ്, അദ്ദേഹം അവസാനിപ്പിക്കാൻ പോകുമ്പോൾ നിങ്ങൾ വീണ്ടും പറയുന്നത്.

ഡോ. എം. കെ. മുനീർ: അതുകൊണ്ട് ......(ബഹളം)..........ചീഫ് സെക്രട്ടറിയുടെ ഓർഡറിൽ എന്താണ് പറയുന്നത്? ധനകാര്യ വകുപ്പിൽനിന്നും പണം വാരിക്കോരി ചെലവഴിച്ചോയെന്ന് പറയുന്നു.

മി. സ്പീക്കർ: അങ്ങ് ഈ സഭയുടെ പ്രതിഷേധം ഉൾക്കൊണ്ടുകൊണ്ട് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? അങ്ങ് വീണ്ടും വീണ്ടും ഇത് ആവർത്തിക്കുകയാണ്. ഡോ. എം. കെ. മുനീർ, സഭയുടെ ബഹുമാനപ്പെട്ട വനിതാ സാമാജികർ കൂടി പരാതി നൽകിയ പശ്ചാത്തലത്തിൽ താങ്കൾ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ 13.12.2018 -ലെ 7160 ഇബി/2018/നി.സെ. ഉത്തരവിൻ പ്രകാരം സഭാ രേഖയിൽനിന്നും നീക്കം ചെയ്തു.

ഡോ. എം. കെ. മുനീർ: സർക്കാർ ചെലവിൽ വെള്ളാപ്പള്ളിക്കും സുഗതനും അദ്ദേഹത്തിന്റെ ജാതീയത ഈ നാട്ടിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒത്താശ സർക്കാർ ചെലവിൽ നടത്താൻ ഞങ്ങൾ അനുവദിക്കില്ല.

മി. സ്പീക്കർ: ഇത് ശരിയല്ല, പ്ലീസ്...പ്ലീസ്...അടുത്ത് നടപടിയിലേയ്ക്ക് കടക്കേണ്ടി വരും.

ഡോ. എം. കെ. മുനീർ: അതുകൊണ്ട് ജനങ്ങൾക്കിടയിൽ നിങ്ങൾ ഇപ്പോൾ സാലറി ചലഞ്ച് പോലെ ഭീഷണിപ്പെടുത്തുകയാണ്. അങ്കണവാടി ടീച്ചർമാരെ ഭീഷണിപ്പെടുത്തുന്നു, നിങ്ങൾ കുടുംബശ്രീയെ ഭീഷണിപ്പെടുത്തുന്നു, ആശാ വർക്കേഴ്സിനെ ഭീഷണിപ്പെടുത്തുന്നു. അങ്ങനെ എല്ലാ വിഭാഗത്തേയും ഭീഷണിപ്പെടുത്തി, സാലറി ചലഞ്ചിൽ ഞങ്ങൾ നിങ്ങളോട് പ്രതികാരം ചെയ്യുമെന്ന് പറയുന്നതുപോലെ കുടുംബശ്രീയേയും അതിന്റെ കൂടെയുള്ളവരേയും ഇത്തരത്തിൽ, അതുപോലെ തൊഴിൽദാന പദ്ധതിയിലുള്ളവരേയും പേടിപ്പിക്കുകയാണ്. നിങ്ങളുടെ പേടിക്കൊന്നും വഴങ്ങുന്ന സ്ത്രീകളല്ല കേരളത്തിലുള്ളത്, ......(ബഹളം).........നിങ്ങൾ നവോത്ഥാനം, സ്ത്രീകൾക്ക് തുല്യത..,

മി. സ്പീക്കർ: സഭ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത

സാഹചര്യമാണ്. വീണ്ടും വീണ്ടും ഇത് തുടരുകയാണ്. പ്ലീസ്....പ്ലീസ്....അടുത്ത നടപടിയിലേക്ക് .......(ബഹളം)

ഡോ. എം. കെ. മുനീർ: ആദ്യം നിങ്ങളുടെ ജനപ്രതിനിധികൾ, നിങ്ങളുടെ പാർട്ടി പ്രവർത്തകർ മാനഭംഗപ്പെടുത്തിയ സ്ത്രീകൾക്ക് സംരക്ഷണം കൊടുത്തശേഷം മതി, മതിൽ ഉണ്ടാക്കൽ. നിങ്ങൾ സ്ത്രീകളുടെ തുല്യതയെക്കുറിച്ച് പറയുന്നു, നിങ്ങളുടെ പാർട്ടി ഓഫീസിൽ താണുകേണ് കരഞ്ഞ സ്ത്രീകൾക്ക് സംരക്ഷണം കൊടുക്കാൻ കഴിയാത്ത നിങ്ങൾ....,

മി. സ്പീക്കർ: അങ്ങ് അവസാനിപ്പിക്കൂ, അടുത്ത നടപടിയിലേയ്ക്ക് കടക്കുകയാണ്. പ്ലീസ്....പ്ലീസ്.....

ഡോ. എം. കെ. മുനീർ: ഈ രാജ്യത്ത് തുല്യതയെക്കുറിച്ച് സംസാരിക്കാൻ എന്ത് അവകാശമാണ് നിങ്ങൾക്കുള്ളത്? നിങ്ങൾക്ക് പാർട്ടി സംരക്ഷണം കൊടുത്ത സ്ത്രീകളെ തെരുവിലേക്ക് വലിച്ചെറിയുന്ന നിങ്ങൾക്ക് സ്ത്രീ സമത്വത്തെക്കുറിച്ച് എന്തറിയാം. ......(ബഹളം)..........

മി. സ്പീക്കർ: പ്ലീസ്....കൺക്ലൂഡ് ചെയ്യുന്നുണ്ടോ? ഇങ്ങനെ എങ്ങനെയാണ് സഭ നടത്തിക്കൊണ്ട് പോകുന്നത്? ....(ബഹളം).......

ഡോ. എം. കെ. മുനീർ: ചീഫ് സെക്രട്ടറി ഇറക്കിയിട്ടുള്ള സർക്കുലർ

നിങ്ങൾ നോക്കുക, ആ സർക്കുലറിൽ പറയുന്നതെന്താണ്? ധനകാര്യ വകുപ്പിൽ നിന്നും ഇതിനുവേണ്ടി സാമൂഹ്യനീതി വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

മി. സ്പീക്കർ: സഭ ഇങ്ങനെ പൂർണ്ണമായും ബഹളത്തിൽ മുങ്ങിയാൽ, ... (ബഹളം)... നടത്തിക്കൊണ്ടു പോകാൻ കഴിയില്ല. അത് അവരായാലും ആരായാലും.......(ബഹളം).....നിങ്ങൾ ബഹളം വയ്ക്കുമ്പോൾ........

ഡോ. എം. കെ. മുനീർ: പ്രിയപ്പെട്ട ശൈലജ ടീച്ചർ സ്ത്രീ സമത്വത്തിനുവേണ്ടിയാണ് വാദിക്കുന്നതെങ്കിൽ നിങ്ങളുടെ ഇടയിൽ നിന്ന് ഒരു സ്ത്രീയെ മുഖ്യമന്ത്രിയാക്കാൻ ആദ്യം തീരുമാനിക്കു. ശൈലജ ടീച്ചറെ മുഖ്യമന്ത്രിയാക്ക്, എന്നിട്ട് സ്ത്രീ സമത്വം കാണിക്ക്. ശൈലജടീച്ചർക്കും കെ. ആർ. ഗൗരിയമ്മയ്ക്കും സുശീലാമ്മയ്ക്കും ഈ കേരളത്തിൽ മുഖ്യമന്ത്രിയാകാൻ അനുവദിക്കാത്ത പാർട്ടി....(ബഹളം)...

മി. സ്പീക്കർ: പ്ലീസ്..പ്ലീസ്...അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുകയാണ്. ....(ബഹളം).........പ്ലീസ്.... സഭയിലെ ഇരുവിഭാഗം അംഗങ്ങളും ബഹളം തുടരുന്ന പശ്ചാത്തലത്തിൽ അടുത്ത നടപടിയിലേക്ക് കടക്കുകയാണ്.

(അടിന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

ഡോ. എം. കെ. മുനീർ: ......(ബഹളം)......അതുകൊണ്ട് പ്രിയപ്പെട്ട വനിതാ എം.എൽ.എ. മാരെ, നിങ്ങൾ ആദ്യം നിങ്ങളുടെ പാർട്ടിയുടെ ജനപ്രതിനിധികളും നിങ്ങളുടെ പാർട്ടി പ്രവർത്തകരും മാനഭംഗപ്പെടുത്തിയവരെ സംരക്ഷിക്കാനാണ് ആദ്യം .......(ബഹളം)..........

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്... സഭയിലെ ഇരുവിഭാഗം അംഗങ്ങളും ബഹളം തുടരുന്ന പശ്ചാത്തലത്തിൽ തുടർ നടപടികളിലേയ്ക്ക് കടക്കുകയാണ്.. (.....ബഹളം.....) ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ എന്നിവ റദ്ദ് ചെയ്യുന്നു. ബന്ധപ്പെട്ട മന്ത്രിമാർ മറുപടികൾ മേശപ്പുറത്ത് വച്ചാൽ മതി.*

* അനുബന്ധമായി ചേർത്തിരിക്കുന്നു.